കേരളസർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്-നഗരഗ്രാമാസൂത്രണ വകുപ്പ്- തിരുവനന്തപുരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് - ഉദ്യോഗസ്ഥരുടെ ടീം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്

സ.ഉ(സാധാ)നം. 3218/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 05/10/2017

---

പരാമർശം:-1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ 19/12/2016 ലെ ഇ2/9020/2012 നമ്പർ കത്ത്.

2.മുഖ്യനഗരാസൂത്രകൻ (ജനറൽ) ന്റെ 19/08/2017 ലെ എ3/7616/2015നമ്പർ കത്ത്.

ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23.11.2016 ൽ കൂടിയ യോഗ തീരുമാന പ്രകാരം തിരുവനന്തപുരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നഗരഗ്രാമാസൂത്രണ വകുപ്പിലെ വിവിധ ഉദ്യോഗസ്ഥരടങ്ങിയ ഒരു ടീം മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ കീഴിൽ റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിൽ പ്രവർത്തിക്കേണ്ടതുണ്ടെന്ന് മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) പരാമർശം ഒന്നിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി നിലവിൽ മാതൃവകുപ്പിൽത്തന്നെ ജോലിനോക്കിവരുന്ന താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് അനന്തര നടപടികൾക്കായി പരാമർശം രണ്ടിലെ കത്ത് പ്രകാരം മുഖ്യനഗരാസൂത്രകൻ (അഡ്മിനിസ്ട്രേഷൻ) സർക്കാരിന് സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, തിരുവനന്തപുരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മുഖ്യനഗരാസൂത്രകൻ നിർദ്ദേശിച്ച താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീമതി. ഷിജി.ഇ.ചന്ദ്രൻ, സീനിയർ ടൗൺ പ്ലാനർ, മുഖ്യനഗരാസൂത്രകന്റെ കാര്യാലയം.
2. ശ്രീ. പി.എൻ. രാജേഷ്, ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ (വിജിലൻസ്) വകുപ്പ്.
3. ശ്രീ. പി. അനിൽ കുമാർ, ടൗൺ പ്ലാനർ, പത്തനംതിട്ട ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ്
4. ശ്രീ. എസ്. അജയ് കുമാർ, ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ (വിജിലൻസ്) വകുപ്പ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരളം, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ